ഉത്തരം

ഇല്ല.

ഗാന്ധിജി യൂണിവേഴ്സിറ്റി കെട്ടിടനിർമ്മാണത്തിനും സ്ഥല മെടുപ്പിനും നൽകിയ സഹായധനം

484 [527] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കെട്ടിടനിർമ്മാണത്തിനും സ്ഥലമെടുപ്പിനും മറ്റുമായി ഇതിനോടകം എത്ര രൂപ സഹായമായി നൽകി;

(ബി) ഇനി എത്ര രൂപയുടെ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇപ്പോൾ യൂണിവേഴ്സിറ്റി ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് പ്രതിമാസവാടക എത്ര രൂപയാണ്:

(ഡി) ഗാന്ധിജി യൂണിവേഴ്സിറ്റി സ്ഥാപിച്ചശേഷം ഇതുവരെ ഓഫീസ് കെട്ടിടവാടകയിനത്തിൽ 1986 മാർച്ച് 31 വരെ എത്ര രൂപ നൽകേണ്ടിവന്നിട്ടുണ്ട്?

ഉത്തരം

(എ, ബി) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഇതുവരെ 161.35 ലക്ഷം രൂപ പദ്ധതി ഗ്രാന്റായി ഗവൺമെന്റ് നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനും സ്ഥലമെടുപ്പിനും പ്രത്യേകമായി സഹായം നൽകിയിട്ടില്ല. ബഡ്ജറ്റിൽ വക കൊള്ളിച്ചതിൽ ഈ വർഷം 46.67 ലക്ഷം രൂപ നൽകാനുണ്ട്. കൂടാതെ സ്ഥലമെടുപ്പിനും കെട്ടിട നിർമ്മാണത്തിനും വേണ്ടി കൂടുതൽ തുക നൽകുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രതിമാസ വാടക 37,286.50 രൂപയാണ്.

(ഡി) ഗാന്ധിജി യൂണിവേഴ്സിറ്റി സ്ഥാപിച്ചതിനുശേഷം വാടകയിനത്തിൽ 31–3–1986 വരെ 5,85,066 രൂപ ചെലവാക്കിയിട്ടുണ്ട്.

ഗാന്ധിജി യൂണിവേഴ്സിറ്റിയ്ക്കുള്ള അംഗീകാരം

485 [528] ശ്രീ. എം.വി. രാഘവൻ:

,, വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരവും ധനസഹായവും ലഭിച്ചിട്ടുണ്ടോ;

(ബി) യു.ജി.സി. അംഗീകാരം നൽകാത്തതിന് കാരണം വിശദമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതു ലഭിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടോ:

(ഡി) സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly